പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4098 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി. സി. ബസ്സുകൾ

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് ആകെ എത്ര ബസ്സുകൾ ഉണ്ട്; | (എ) | കെ.എസ്.ആർ.ടി.സി.ക്ക് 5947 ബസുകളും, കെ.എസ്.ആർ.റ്റി.സി.യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സിയ്ക്ക് 679 ജൻറം ബസുകളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ബസ്സുകളിൽ നിത്യേന എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; | (ബി) | 11/05/2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി 4837-ഉം കെ.യു.ആർ.ടി.സി 407 -ഉം സർവ്വീസ് നടത്തിയിട്ടുണ്ട്. |
| (സി) | ബ്രേക്ക് ഡൗൺ ഒഴിവാക്കുന്നതിനും, കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനുമായി സ്വീകരിച്ചു വരുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (സി) | ബസുകളുടെ ശരാശരി പ്രായം 12 വർഷമാക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 1326 പുതിയ ബസുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ജൻറം പദ്ധതിയിൽപ്പെട്ട 314 ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്. ബസുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. ഇതുവഴി ഓഫ്-റോഡ് |

| | | | |
|---|---|---|---|
| | | | നിരക്ക്, ബ്രേക്ക് ഡൗൺ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ (എംപാനൽ പ്രത്യേകമായി) വിവരം വെളിപ്പെടുത്തുമോ? | (ഡി) | കെ.എസ്.ആർ.റ്റി.സി.യിൽ നിലവിൽ (4/2017-ലെ കണക്കനുസരിച്ച്) 13,778 സ്ഥിരം ഡ്രൈവർമാരും, 11697 സ്ഥിരം കണ്ടക്ടർമാരും, 4,233 എംപാനൽ കണ്ടക്ടർമാരും, 1,506 എംപാനൽ ഡ്രൈവർമാരുമുണ്ട്. |

**സെക്ഷൻ ഓഫീസർ**